ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

ജനുവരി 2009 | സ്വകാര്യ പ്രചരണത്തിന് മാത്രം | വാല്യം 2 ലക്കം 1

പ്രിയ സഹോദരീ സഹോദരന്മാരെ,

പുതുവത്സരാശംസകൾ! ഇക്കോസ് ഇന്ത്യ പത്രികയുടെ 2009-ലെ ആദ്യ ലക്കത്തിലേക്ക് ഊഷ്മളമായ സ്വാഗതം.

2009ലും തുടർന്നുള്ള വർഷങ്ങളിലും നാം പിന്തുടരേണ്ട തീരുമാനങ്ങൾ മാസ്റ്റർ നിർവ്വചിച്ചു കൊണ്ടാണ് ഈ വർഷം പിറന്ന് വീണത്. മാസ്റ്ററുടെ സന്ദേശത്തിൽ നിന്നൊരേട് ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തിരുപ്പൂർ, മലമ്പുഴ, തൃശ്ശൂർ, കൊൽക്കത്ത, ഖരഗ്പൂർ എന്നിവിടങ്ങളിലേക്കുള്ള മാസ്റ്ററുടെ സമീപകാലത്തെ സന്ദർശനത്തെപ്പറ്റിയുള്ള വിവരങ്ങളും ഇതിലുൾക്കൊള്ളിച്ചിരിക്കുന്നു.

സ്നേഹം, മറ്റുള്ളവരോട് പൊറുക്കൽ, സഹനം, മറ്റുള്ളവരെ മനസ്സിലാക്കൽ തുടങ്ങിയ മൂല്യങ്ങൾ അഭ്യാസികൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മാസ്റ്റർ നിരീക്ഷിചിരുന്നു. തത്ഫലമായ് ഈ മൂല്യങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനും അവയെ ജീവിതത്തിൽ സ്വാംശീകരിക്കുവാൻ അഭ്യാസികളെ പ്രാപ്തരാക്കുന്നതിനും വേണ്ടി രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. അഭ്യാസികളുടെ പരിശീലന പരിപാടികളും കൂട്ടായ്മകളും സമീപകാലത്തെ പ്രകാശനങ്ങളും ഈ ലക്കത്തിലുൾപ്പെടുത്തിയിരിക്കുന്നു. എസ് ആർ സി എമ്മിന്റെ ആദ്യത്തെ ആശ്രമമായ തിരുപ്പതി ആശ്രമത്തെപ്പറ്റി ഈ ലക്കത്തിലെ പ്രകാശ കേന്ദ്രം വിഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

2009 മാർച്ച് ലക്കത്തിലേക്കുള്ള വാർത്തകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 2009 ഫെബ്രുവരി 15 ആണ്. ധാരാളം ഫോട്ടോകൾ സഹിതം വാർത്തകൾ അതത് സോണൽ ഇൻ ചാർജ് മുഖേന ദയവായി അയച്ച് തരിക.

എഡിറ്റോറിയൽ ടീം

## മാസ്റ്ററുടെ പുതുവത്സര സന്ദേശം

2009

(2008 ഡിസംബർ 31-ന് മാസ്റ്റർ നൽകിയ പുതുവത്സര സന്ദേശത്തിൽ നിന്ന് ഒരേട്)

മാനവ ജീവിതത്തിന് ഒരൊറ്റ ലക്ഷ്യം മാത്രമേയുള്ളൂ എന്നതിനെപ്പറ്റി സഹജ മാർഗ്ഗ അഭ്യാസി എന്ന നിലയിൽ നാം ബോധവാന്മാരായിരിക്കേണ്ടതാണ്. ഈ ലക്ഷ്യത്തിൽ ആദ്യത്തേത് മോക്ഷവും, രണ്ടാമത്തേത് സാക്ഷാത്ക്കാരവും മൂന്നാമത്തേതും അവസാനത്തേതും ദൈവീകതയിലുള്ള(ആത്മീയതയിലുള്ള) പൂർണ്ണമായ ലയനവുമാണ്.

ബാബുജി മഹാരാജ് പ്രസ്താവിച്ചിരുന്നതു പോലെ ഇന്നത്തെ ലോകത്തിൽ മോക്ഷത്തിലെത്തിച്ചേരാനുള്ള ഏറ്റവും എളുപ്പവും വേഗമേറിയതുമായ വഴി സഹജ മാർഗ്ഗമാണ്. തുടർന്നുള്ള ലക്ഷ്യങ്ങളായ-സാക്ഷാത്ക്കാരം, ദൈവീകതയിലുള്ള ലയനം എന്നിവ കൈവരിക്കുന്നതിന് പ്രയാസമില്ലെന്നും ബാബുജി ഊന്നി പറഞ്ഞിരുന്നു. പക്ഷെ മേൽപറഞ്ഞ മാനവ പരിണാമത്തിന്റെയും മാനവജീവിതത്തിന്റെയും പരമമായ ലക്ഷ്യം ഈ ജന്മത്തിൽ തന്നെ പ്രാപിക്കുന്നതിന്, നാം നമ്മുടെ മനസ്സിൽ തന്നെ അവയെ കൊണ്ട് നടക്കേണ്ടതാണ്.

മതങ്ങളാലും സംസ്കാരങ്ങളാലും നമ്മളാൽ തന്നെയും നമ്മുടെ മനസ്സുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ ഭിന്നതകളെയും നാം വിസ്മരിക്കുകയും തുടച്ചു മാറ്റുകയും വേണം. മനുഷ്യ ജീവിതത്തിൽ നമ്മെയെല്ലാവരെയും ഇണക്കിച്ചേർക്കുന്ന, നമ്മുടെയുള്ളിൽ സ്ഥിതി ചെയ്യുന്ന ആത്മാവും അതുപോലെ തന്നെ മറ്റുള്ളവരുടെ ആത്മാവും അനന്തകാലങ്ങളോളം ഒന്നു തന്നെയാണെന്ന് ഓർമ്മിക്കുക.





സംസ്കാരങ്ങളുടെ ഫലമായി ശരീരത്തിന് അബദ്ധം സംഭവിക്കാം, മുൻ ധാരണകൾ കൊണ്ട് മനസ്സിനും പറ്റാം അബദ്ധം, പക്ഷെ ആത്മാവ് ഒരിക്കലും അബദ്ധത്തിനടിമപ്പെടില്ല.

അത് കൊണ്ട് ഞാൻ നിങ്ങളോട് ഈ തീരുമാനം കൈകൊള്ളുവാൻ അപേക്ഷിക്കുന്നു. " ഓ മാസ്റ്റർ, എന്നോട് തന്നെ പൊറുക്കാനും, അന്തിമമായി ഭൂമിയിലെ മനുഷ്യ ജന്മം എന്ന് നാം വിളിക്കുന്ന ഈ ദൈവീക നാടകത്തിന്റെ അമരക്കാരൻ മാസ്റ്റർ മാത്രമാണെന്നും മനസ്സിലാക്കിക്കൊണ്ട് എന്നിലൂടെ മറ്റുള്ളവരോട്, അവർ എന്നോടോ മറ്റുള്ളവരോടോ, നല്ലതോ ചീത്തയോ എന്ന് ഞാൻ കരുതുകയോ സങ്കൽപ്പിക്കുകയോ ചെയ്ത കാര്യങ്ങൾക്ക് പൊറുക്കാനും എന്നെ സഹായിക്കേണമേ"

## ബാംഗ്ലൂർ



ഒക്ടോബർ 31-ന് ദുബായിൽ നിന്നും മാസ്റ്റർ ബാംഗ്ലൂരിൽ എത്തിച്ചേർന്നു. അഭ്യാസികളുടെ ഒരു ചെറു സംഘം അദ്ദേഹത്തെ സ്വീകരിക്കാൻ സന്നിഹിതരായിരുന്നു. പിന്നീട് അദ്ദേഹം ശുഭ് എൻക്ലേവിലെ തന്റെ വസതിയിലേക്ക് പോയി.

നവംബർ 2-ാം തീയ്യതി ഞായറാഴ്ച്ച, ബാംഗ്ലൂരിലെ മൂന്നാമത്തെ ആശ്രമം മാസ്റ്റർ ഉദ്ഘാടനം ചെയ്യുകയും ആശ്രമത്തിന് 'പരം ധാം' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. മനോഹരമായി രൂപകൽപന ചെയ്തിരിക്കുന്ന ചുവന്ന ഇഷ്ടികകളാൽ നിർമ്മിക്കപ്പെട്ട ഈ കെട്ടിടത്തിൽ ധ്യാന മന്ദിരം, അടുക്കള, ലൈബ്രറി എന്നിവയും താഴത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന ഓഫീസ് മുറിയും ഉണ്ട്. മറ്റു രണ്ട് നിലകളിൽ താമസത്തിനായി 32 മുറികളും, അതിഥികൾക്കായ് 2 മുറികളും 2 ഡോർമിറ്ററികളും ഉണ്ട്.

സത്സംഗത്തിനുശേഷം മാസ്റ്റർ പരംധാമിനെ വിശേഷിപ്പിച്ചത് "തിരികെ വരാൻ വേണ്ടിയല്ലാതെ ചെല്ലുന്ന ഒരിടം" എന്നാണ്. ഒക്ടോബർ 12-ന് രാവിലെ മാസ്റ്റർ ചെന്നൈയിലേക്ക് യാത്ര തിരിച്ചു. യാത്രാ മധ്യേ നട്രാംപള്ളി ആശ്രമത്തിൽ മാസ്റ്റർ കുറച്ച് നേരം സമയം ചെലവഴിച്ചു.

## തിരുപ്പൂർ

ഡിസംബർ 3-ന് തിരുപ്പൂരിലെത്തിച്ചേർന്ന മാസ്റ്റർ നേരെ ഡയമണ്ട് ജൂബിലീ പാർക്കിലേക്ക് യാത്ര തിരിച്ചു. ഉല്ലാസവാനായി കാണപ്പെട്ട മാസ്റ്റർ അഭ്യാസികളോടൊപ്പം അൽപസമയം ചെലവഴിച്ചു. അവിടെയുള്ള താമസത്തിനിടയിൽ മുഴുവൻ സമയവും അദ്ദേഹം ഉന്മേഷവനായി കാണപ്പെട്ടു. മാസ്റ്ററുടെ ഒരാഴ്ച്ചത്തെ സന്ദർശനം പ്രമാണിച്ച് അവിടേക്ക് അഭ്യാസികളുടെ ഒരു പ്രവാഹം തന്നെ ഉണ്ടായിരുന്നു.

മണപ്പാക്കം ആശ്രമത്തിലെ അടുക്കളയുടെ മാതൃകയിൽ, 2000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു അടുക്കള ഡിസംബർ 5-ന് രാവിലെ 6:30ന് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. തുടർന്ന് മാസ്റ്റർ ഇങ്ങനെ പറയുകയുണ്ടായി :-"പ്രതീക്ഷിച്ചിരിക്കാത്ത സമയത്ത് എത്തിച്ചേരുന്നവരെ അതിഥികൾ എന്നു വിളിക്കുന്നു. ആദരവോടുകൂടി വേണം അവരോട് പെരുമാറുവാൻ. അന്നദാനം മാത്രമാണ് അത് സ്വീകരിക്കുന്നവരെ തൃപ്തരാക്കുന്ന ദാനം. ഭുജിക്കുന്നവരോടുള്ള പൂർണ്ണമായ ആദരവ് നിലനിർത്തിയിട്ട് വേണം ഭക്ഷണം വിളമ്പുന്നത്. അവരെ യഥാവിധി ക്ഷണിക്കുകയും ഭക്ഷണം വിളമ്പി വെച്ചിട്ട് എല്ലാവരോടും വന്ന് കഴിക്കാൻ ആവശ്യപ്പെടാതെ ഓരോരുത്തരെയും പ്രത്യേകം ഉപചരിക്കുകയും വേണം."

ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

ഞായറാഴ്ച്ച സത്സംഗത്തിനു ശേഷം മാസ്റ്റർ ധ്യാനത്തിനിടയിൽ മൊബൈൽ ഫോണുകൾ ശബ്ദിക്കുന്നതിനെക്കുറിച്ച് ശക്തമായ ഭാഷയിൽ സംസാരിച്ചു. അഭ്യാസികൾക്ക് തെല്ലു പോലും ആത്മാർത്ഥതയില്ലെങ്കിൽ ആശ്രമങ്ങളിൽ വരുന്നതിന്റെ ആവശ്യമെന്തെന്ന് അദ്ദേഹം ചോദിച്ചു. അത്രക്കു തിരക്കുള്ളവർ ഇവിടെ വരുന്നതിനെക്കാളും നല്ലത് തങ്ങളുടെ മൊബൈൽ ഫോണുകളുമായി വീട്ടിലിരിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഡിസംബർ 10-നു മാസ്റ്റർ ഉദുമലപ്പേട്ട സന്ദർശിച്ചു. അഭ്യാസികൾ അദ്ദേഹത്തെ ഉത്സാഹത്തോടെ സ്വീകരിച്ചു. ഉദുമലപ്പേട്ടക്കടുത്തൊരു ഗ്രാമത്തിൽ അഭ്യാസികൾ 5 ഏക്കർ ഭൂമി സംഭാവന ചെയ്തിട്ടുണ്ട്. അഭ്യാസികളുമൊത്ത് മാസ്റ്റർ അവിടെ വളരേയധികം സമയം ചെലവഴിച്ചു.



## മലമ്പുഴ

ഡിസംബർ 17 മുതൽ 20 വരെ മാസ്റ്റർ മലമ്പുഴയിലുള്ള എസ്.എം.എസ്.എഫ് റിട്രീറ്റ് സെൻററിൽ സന്ദർശനം നടത്തി. മാസ്റ്ററുടെ ഇവിടെക്കുള്ള നാലാമത്തെ സന്ദർശനമായിരുന്നു അത്. ഇതാദ്യമായാണ് അദ്ദേഹം ഇവിടെ താമസിക്കുന്നത്. 2008-ലെ സ്കോളർഷിപ്പ് പരിശീലന പരിപാടി ഇവിടെ നടന്നുകൊണ്ടിരുന്നതിനാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നാൽപ്പതോളം പേരടങ്ങിയ സാധകരുടെയും സംഘാടകരുടെയുമൊരു (പരിശീലകരുടെയുമൊരു) സംഘം മാസ്റ്ററുടെ താമസക്കാലത്ത് അവിടെയുണ്ടായിരുന്നു.

ധ്യാനമന്ദിരത്തിന്റെയും മാസ്റ്ററുടെ കോട്ടേജിന്റേയും ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. അദ്ദേഹം ശാന്തനും ഉന്മേഷവാനുമായി കാണപ്പെട്ടു. അവിടം സന്ദർശിച്ച അഭ്യാസികളുമായും പരിശീലനം നേടുന്നവരുമായും മാസ്റ്റർ വളരേയധികം സമയം ചെലവഴിച്ചു.

പുതിയ വായനശാലയിൽ മാസ്റ്റർ വെച്ച് പരിശീലനത്തിനു വന്നവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. "ലോകത്തെ മാറ്റുവാനാണ് ജനങ്ങൾ ആത്മീയ ജീവിതത്തിലേക്ക് വരുന്നതെങ്കിൽ അവർ ഒന്നും തന്നെ നേടുകയില്ല. ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകാം. നിങ്ങൾ നിങ്ങളെ തന്നെ മാറ്റുവനാണ് വരുന്നതെങ്കിൽ അതിനു വിജയത്തിന്റെ ഉറപ്പുണ്ട്, നിങ്ങൾ നിങ്ങളെത്തെന്നെ നിങ്ങളുടെ മാറ്റത്തിനായി പ്രയോഗിക്കുകയാണെങ്കിൽ".



## തൃശ്ശൂർ

തൃശ്ശൂരിലെ പുഴക്കലിലുള്ള 'യോഗാശ്രം' എന്ന് നാമകരണം ചെയ്ത ധ്യാനമന്ദിരത്തിന്റെ ഔപചാരിക ഉദ്ഘാടനം 2008, ഡിസംബർ 19-ന് മാസ്റ്റർ നിർവഹിച്ചു. തൃശ്ശൂർ നഗരത്തിൽ നിന്നും ഏകദേശം 5 കി.മി ദൂരെയാണ് തൃശ്ശൂർ കുന്നംകുളം റോഡിലാണ് ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്. സത്സംഗത്തിനു ശേഷം നടത്തിയ പ്രഭാഷണത്തിൽ മാസ്റ്റർ ഹൃദയത്തിൽ നിന്നുമുള്ള ഉപദേശം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞു. എന്തെന്നാൽ നമ്മുടെ നന്മക്കായുള്ള ഏക ആത്മാർത്ഥ മാർഗ്ഗദർശിയായ ആ അനശ്വര സാന്നിദ്ധ്യം ഇതിനാൽ യഥാർത്ഥത്തിലുള്ള അനശ്വര സാന്നിദ്ധ്യമായിത്തീരും. 40 വിദേശ അഭ്യാസികളുൾപ്പടെ ഏകദേശം 1000 അഭ്യാസികൾ ചടങ്ങിൽ പങ്കെടുത്തു. സത്സംഗത്തിനു ശേഷം മാസ്റ്റർ അദ്ദേഹത്തിനായി പ്രത്യേകം തയ്യാറാക്കിയ താമസസ്ഥലത്ത് അഭ്യാസികളുമായി കുറച്ച് സമയം ചെലവഴിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം മാസ്റ്റർ മലമ്പുഴയിലേക്ക് പോയി.




## കൊൽകത്ത

2008 ഡിസംബർ 25-ന് മാസ്റ്റർ ചെന്നൈയിൽ നിന്നും കൊൽക്കത്തയിലെത്തി. ഏകദേശം 35 അഭ്യാസികൾ അദ്ദേഹത്തെ വിമാനത്തിൽ അനുഗമിച്ചിരുന്നു. 26-ന് ഉച്ചക്ക് മാസ്റ്റർ കോട്ടേജിനു പുറത്തുള്ള പുൽത്തകിടിയിൽ വന്നിരുന്നു. കൊൽക്കത്തയിലെ വിശിഷ്ടമായ അന്തരീക്ഷത്തെ ആസ്വദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, "നമ്മുടെ ഓരോ ആശ്രമവും ശാന്തിയുടെ ഒരു മരുപ്പച്ചയാണ്". എന്തു കൊണ്ടു പുറത്തും ഇതു പോലൊരു ലോകം നിർമ്മിക്കാൻ നമുക്കാവുന്നില്ല എന്ന ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞു, "നമ്മൾ ഒരു കാലത്തു ആസ്വദിച്ചിരുന്ന സന്തോഷം, സംതൃപ്തി, നല്ല ആരോഗ്യം ഇവയെല്ലാം നമ്മിൽ നിന്നും കവർന്നെടുത്തത് പണത്തിനോടുള്ള അത്യാഗ്രഹമാണ്".



29-ന് മാസ്റ്റർ ഖരഗ്പൂരിൽ, ബാംഗ്ലൂരിനു ശേഷമുള്ള ക്രെസ്റ്റി-ന്റെ രണ്ടാമത്തെ ക്യാമ്പസിനു തറക്കല്ലിട്ടു. 5 ഏക്കറോളം വരുന്ന ക്യാമ്പസ്സിൽ നടക്കവെ മാസ്റ്റർ തന്നെ കൂട്ടമായ് പിന്തുടർന്ന അഭ്യാസികളെ വിലക്കിക്കൊണ്ട് പറഞ്ഞു, "എന്നെ ആധ്യാത്മികമായ് പിന്തുടരുക, മറിച്ചല്ല".

സത്സംഗത്തിനു ശേഷം മാസ്റ്റർ സംസാരിച്ചു. ഉത്തരവാദിത്വത്തെപ്പറ്റി സംസാരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു, "ഈ ഭൂമിയിലുള്ള മറ്റേത് ഉത്തരവാദിത്വത്തെക്കാളും വളരേ പ്രധാനമാണ് നമ്മുടെ സ്വാതന്ത്ര്യത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം". ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്റർ കൊൽക്കത്തയിലേക്ക് പോയി. അവിടെ നിന്നും അദ്ദേഹം അടുത്ത ദിവസം ഏകദേശം 40 അഭ്യാസികളുമൊത്ത് ചെന്നൈയിലേക്ക് പോയി.






ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
Zonal Roundup
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

## 2009ലെ സത്കോലിലേക്കുള്ള അപേക്ഷകൾ

2009ലെ സത്കോലിലേക്കുള്ള അപേക്ഷകൾ ഇൻറർനെറ്റിൽ http://www.srcm.info/satkhol/satkhol_home.htm എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**വസന്തകാല ബാച്ചുകൾ:** ജനുവരി മുതൽ മാർച്ചുവരെ (ബാച്ച്–249 മുതൽ 259 വരെ)യുള്ള ഓൺലൈൻ അപേക്ഷകൾക്ക് ഇപ്പോൾ തന്നെ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

**വേനൽക്കാല ബാച്ചുകൾ:** ഏപ്രിൽ മുതൽ ജൂൺ വരെ(ബാച്ച് 260 മുതൽ 271 വരെ) 2009 ജനുവരി 10–ാം തീയ്യതി മുതൽ ഓൺലൈനിലെ അപേക്ഷകൾക്കുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്.


**ഹേമന്തകാല ബാച്ച്:** സപ്തംബർ മുതൽ ഡിസംബർ വരെ (ബാച്ച് 272 മുതൽ 281 വരെ) ഓൺലൈൻ അപേക്ഷകൾക്ക് ജൂൺ 10–ാം തീയ്യതി മുതൽ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

അപേക്ഷകൾ പൂരിപ്പിക്കുന്നതിനു മുമ്പായി അതിലേക്കുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കിയ ശേഷം മാത്രമാണ് പൂരിപ്പിക്കേണ്ടത്.


ഇൻറർനെറ്റ് സൗകര്യം ഇല്ലാത്തവർ ദയവായി പ്രിസെപ്റ്ററുടേയൊ, സെൻറർ ഇൻ–ചാർജ്ജിൻെറയോ, സോണൽ ഇൻ–ചാർജ്ജിൻെറയോ സഹായം തേടുക.

കൂടുതൽ വിവരങ്ങൾക്ക് സത്കോൽ ഭരണസമിതി ഓഫീസിലെ 044 2252 1099 അല്ലെങ്കിൽ 044 4217 1111, എക്ക്സ്ടെൻഷൻ: 218 എന്നീ ഫോൺ നമ്പറുകളിൽ രാവിലെ 10നും 12നും ഇടയിലോ വൈകുന്നേരം 3നും 4.30നും ഇടയിലോ ബന്ധപ്പെടുക


## പുതിയ പ്രസിദ്ധീകരണങ്ങൾ





മാസ്റ്റർ "സഹജ മാർഗ്ഗ സിദ്ധാന്തങ്ങളുടെ 14–ാം വാല്യം" 2009 ജനുവരി ഒന്നാം തീയ്യതി പ്രകാശനം ചെയ്യുകയുണ്ടായി. ഇതിൽ 1991–ലെ ആദ്യ പകുതിയിൽ മാസ്റ്റർ നടത്തിയ 25 പ്രസംഗങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 320 പേജുകളോടുകൂടിയ ഈ പുസ്തകത്തിൽ ലക്ഷ്യം, സ്വയം സേവനം, വേദനയെ അതിജീവിക്കുക, നേതൃത്വം പിന്നെ ഗുരു എന്നീ വിഷയങ്ങളെക്കുറിച്ച് മാസ്റ്റർ നടത്തിയ പ്രസംഗങ്ങൾക്കു പുറമെ മറ്റു പല വിഷയങ്ങളെപ്പറ്റി മാസ്റ്റർ നടത്തിയ പ്രസംഗങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.




"ദി ഫ്രൂട്ട് ഓഫ് ദി ട്രീ" എന്ന പുസ്തകത്തിൻെറ രണ്ടാം ലക്കം മാസ്റ്റർ 2009 ജനുവരി ഒന്നാം തീയ്യതി പ്രകാശനം ചെയ്തു. ഇത് ആദ്യമായി പുറത്തിറക്കിയത് 1987 ലാണ്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് 1986 സപ്തംബർ, ഒക്റ്റോബർ എന്നീ മാസങ്ങളിൽ അമേരിക്ക, ഇറ്റലി പിന്നെ ജർമ്മനി എന്നീ സ്ഥലങ്ങളിലെ പര്യടനത്തിൽ മാസ്റ്റർ നൽകിയ പ്രസംഗങ്ങളും ചോദ്യോത്തരങ്ങളുമാണ്.




"ഹാർട്ട് സ്പീക്ക് 2006" എന്ന പുസ്തകത്തിൻെറ മറാട്ടി പരിഭാഷയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് 2006 ജനുവരി മുതൽ ഡിസംബർ വരെ തിരുപ്പൂർ, ബാംഗ്ലൂർ, ചെന്നൈ, അഹമ്മദാബാദ്, കാൺപൂർ, ഹൈദരാബാദ്, പൂനെ, റായിപ്പൂർ, റോം, ഡെന്മാർക്ക്, ജർമ്മനി, പ്രാഗ്, ദുബായ്, സിംഗപ്പൂർ, മലേഷ്യ എന്നിങ്ങനെ ഇന്ത്യയിലും വിദേശത്തുമായി മാസ്റ്റർ നൽകിയ പ്രസംഗങ്ങളും സന്ദേശങ്ങളുമാണ്.




ജനുവരി 2009ലെ "നിരന്തര സ്മരണ" ഉടനെ തന്നെ വിതരണം ചെയ്യുന്നതാണ്. ഏപ്രിൽ 2009–ലെ വിഷയം കൃതജ്ഞതയാണ്. ഈ വിഷയത്തെക്കുറിച്ച് നിങ്ങളുടെ ലേഖനങ്ങളോ അല്ലെങ്കിൽ സഹജ മാർഗ്ഗ പരിശീലനത്തെക്കുറിച്ചുള്ള നിങ്ങളുടെ ഉൾക്കാഴ്ച എന്നിവയെ പറ്റിയുള്ള ലേഖനങ്ങൾ 2009 ഫെബ്രുവരി ഒന്നാം തീയ്യതി വരെ സ്വീകരിക്കുന്നതാണ്.

## മണപ്പാക്കം ആശ്രമത്തിൽ വെള്ളപ്പൊക്കം

നവംബർ 26–ന് ബംഗാൾ ഉൾക്കടലിൽ ഉടലെടുത്ത കൊടുങ്കാറ്റിനാൽ തുടങ്ങിയ മഴ വൈകുന്നേരമായപ്പോഴേക്കും വളരെ ശക്തിയോടെ പെയ്തു തുടങ്ങിയിരുന്നു. ഒരു മുൻകരുതൽ നടപടിയെന്നോണം ആശ്രമത്തിലെ എല്ലാ അന്തേവാസികളേയും ആശ്രമത്തിനുള്ളിലെ സുരക്ഷിത സ്ഥലങ്ങളിലെക്ക് മാറ്റി. നിരവധി സാമഗ്രികളും അവയുടെ സംരക്ഷണത്തിനായി ഉയർന്ന സ്ഥലങ്ങളിലേക്ക് മാറ്റപ്പെട്ടു.

27 ാം തീയ്യതി വൈകുന്നേരത്തോടെ ആശ്രമത്തിനകത്തെ എല്ലാ അന്തേവാസികളേയും ഒഴിപ്പിച്ചിരുന്നു. അവരെ ആശ്രമത്തിന് എതിർ വശത്തുള്ള "ഗാർഡൻ ഓഫ് ഹാർട്ട്സ്" എന്ന അപ്പാർട്ട്മെൻറിൽ വസിക്കുന്ന അഭ്യാസികളോടൊപ്പം താമസിപ്പിച്ചു. ഏതാണ്ട് അർദ്ധരാത്രിയോടെ സഹജ നദിയുടെ മേൽപ്പലത്തിന് (കോട്ടേജിൻെറ മതിൽകെട്ടിനകത്തുള്ള) മുകളിലൂടെ വെള്ളം ഒഴുകിത്തുടങ്ങിയിരുന്നു. ജലനിരപ്പ് അപ്കടകരമാം വിധം ഉയർന്നു കൊണ്ടിരുന്നു. ഏകദേശം ഒന്നര മണിയോടെ പഴയ സിംഹ കവാടത്തിൻെറ മതിൽ തകർന്നു വീണു. പിന്നെ നിമിഷങ്ങൾക്കകം മാസ്റ്ററുടെ കോട്ടേജിൽ ഏകദേശം ഒന്നര അടി വെള്ളം ഉയർന്നു. ആശ്രമം മുഴുവനും വെള്ളത്തിലായിരുന്നു, പഴയ മെഡിക്കൽ സെൻററിൻെറ ഭാഗത്ത് ഏകദേശം 12 അടിയോളമാണ് വെള്ളമുണ്ടായിരുന്നത്.

28–ന് പകലായിട്ടും മഴക്ക് തീരെ ശമനമുണ്ടായിരുന്നില്ല. അടുത്തുള്ള തടാകങ്ങളിൽ നിന്നും അടയാർ നദിയിൽ നിന്നും വന്ന വെള്ളം കാര്യങ്ങളെകൂടുതൽ വഷളാക്കി. ഉച്ചയോടെ ചങ്ങാടങ്ങളും (അടുത്തുള്ള റോയപുരം ഭാഗത്തുള്ള മുക്കുവരേയും വഹിച്ചു കൊണ്ട്) തീര സംരക്ഷണ സേനയുടെ റബ്ബർ വഞ്ചികളും ആശ്രമത്തിലെത്തി. മുക്കുവരും തീര സംരക്ഷണ സേനയും തങ്ങളുടെ വീടുകളിലകപ്പെട്ടു പോയ ഏകദേശം അമ്പതോളം ആളുകളെരക്ഷിക്കാനായി പ്രയത്നിച്ചു.

29–ാം തിയ്യതിയോടെ ധ്യാന മന്ദിരത്തിനു ചുറ്റുമുള്ള പല സ്ഥലങ്ങളിൽ നിന്നും വെള്ളം പിൻവലിഞ്ഞ് തുടങ്ങയിരുന്നു. മാസ്റ്റർ സ്ഥിതിഗതികൾ നിരീക്ഷിക്കാൻ ആശ്രമത്തിലെത്തി. ഗായത്രിയിലേക്ക് പോകുന്നതിനു മുൻപ് ആശ്രമത്തിലെ വിവിധ ഭാഗങ്ങൾ മാസ്റ്റർ സന്ദർശിച്ചു. ഡിസംബർ 3–ന് മാസ്റ്റർ ആശ്രമത്തിൽ നിന്നും തിരുപ്പൂരിലേക്ക് പോയി. അന്ന് തൊട്ട് ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ആശ്രമം വൃത്തിയാക്കുവാനായി വളണ്ടിയർമാരുടെ പ്രവാഹം തന്നെയായിരുന്നു. ഡോർമിറ്ററി കെട്ടിടം, അടുക്കള, ശൗചാലയങ്ങൾ കൂടാതെ മറ്റ് പല സ്ഥലങ്ങളും വളണ്ടിയർമാർ വൃത്തിയാക്കി. ഈ സമയത്ത് ആശ്രമം അടഞ്ഞു കിടന്നു.

ഡിസംബർ 31–ന് മാസ്റ്റർ നിരവധി അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ ആശ്രമത്തിലെ അടുക്കളയും കാൻറീനും അഭ്യാസികൾക്കായി വീണ്ടും തുറന്ന് കൊടുത്തു. അന്ന് വൈകുന്നേരം ധ്യാനമന്ദിരത്തിൽ ഒരു സംഗീത പരിപാടി നടന്നു. അർദ്ധരാത്രി എല്ലാവരെയും അത്ഭുതപെടുത്തി മാസ്റ്റർ ധ്യാനമന്ധിരത്തിൽ ഒരു സത്സംഗം നടത്തി. ജനുവരി 1–ാം തിയ്യതി കാലത്ത് 9 മണിക്കും മാസ്റ്റർ സത്സംഗവും തുടർന്ന് ഒരു പ്രഭാഷണവും നടത്തി. വളണ്ടിയർമാരുടെ കൂട്ടായ പ്രയത്നഫലമായി ആശ്രമം പൂർവ്വസ്ഥിതിയിലെത്തിക്കുവാനും അഭ്യാസികൾകായ് തുറന്ന് കൊടുക്കുവാനും സാധിച്ചു.

മാസ്റ്ററുടെ കോട്ടേജ്



ഡൈനിംഗ് ഏര്യ



ശ്രീ രാംചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
Zonal Roundup
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

## ഉന്നത പരിശീലന പരിപാടി- ജയ്പൂർ

2008 നവംബർ 30-ന് ജയ്പൂർ ആശ്രമത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പത്ത് സെൻററുകളിൽ നിന്നായ്, ഒരു വർഷത്തിൽ കൂടുതലായ് സഹജമാർഗ്ഗം പരിശീലിക്കുന്ന 85 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. നിരന്തര സ്മരണ, മിഷൻെറ പ്രസിദ്ധീകരണങ്ങളുടെ വായനയുടെ പ്രാധാന്യം, ആത്മീയ പുരോഗതിക്കായി സദുദ്ദേശത്തിൻെറയും നല്ല പെരുമാറ്റത്തിൻെറയും ആവശ്യകത, പരിവർത്തനം, സ്വയം സേവകരുടെ പങ്ക്, ദൈനംദിന സാധനയിൽ ഒഴിവാക്കേണ്ടുന്ന ചില തെറ്റുകൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അജ്മേർ സെൻററിലെ അഭ്യാസികൾ സഹജ മാർഗ്ഗം എങ്ങനെ പുതിയ അഭ്യാസികൾക്ക് പരിചയപ്പെടുത്താം എന്നതിനെക്കുറിച്ച് ഒരു ലഘു നാടകം അവതരിപ്പിക്കുകയുണ്ടായി.

## പുതിയ അഭ്യാസികൾക്കായുള്ള പരിപാടി – ബറോഡ



വഡോദര ആശ്രമത്തിൽ പുതിയ അഭ്യാസികൾക്കായി ഒരു പരിശീലന പരിപാടി 2008 ഒക്ടോബർ 19-ന് സംഘടിപ്പിക്കുകയുണ്ടായി. സഹജമാർഗ്ഗ പരിശീലനത്തിൻെറ അടിസ്ഥാന തത്വങ്ങളുടെ മേൽ വെളിച്ചം പകരുക എന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. ഈ പരിപാടി രസകരമാക്കുന്നതിനായി നടത്തിയ പുതിയ തരം പരിചയപെടുത്തൽ രീതി അഭ്യാസികൾക്കിടയിൽ സഹോദര്യം വളർത്തുന്നതിനായി സഹായിച്ചു. പരിപാടിയിൽ പങ്കാളിത്തം ഉറപ്പു വരുത്തുവനായ് ചർച്ചകൾ, പ്രദർശനങ്ങൾ, പ്രവൃത്തി പരിചയങ്ങൾ, പ്രതികരണം എന്നിവയും ഉൾപ്പെടുത്തിയിരിന്നു.

## ഷാജഹാൻപൂരിൽ നടത്തിയ സാധന പ്രോഗ്രാം



ഹിന്ദിയിൽ നടത്തിയ ആദ്യത്തെ സാധന പ്രോഗ്രാം ഷാജഹാൻപൂർ ആശ്രമത്തിൽ നവംബർ 12 മുതൽ 16 വരെ നടത്തുകയുണ്ടായി. ഷാജഹാൻപൂർ സെൻറർ ഇൻ ചാർജ്ജ് സഹോ. സർവേശ് ചന്ദ്രയാണ് ഇത് ഉദ്ഘാടനം ചെയ്തത്. അദ്ദേഹം നൽകിയ പ്രഭാഷണത്തിൽ ഷാജഹാൻപൂർ ആശ്രമത്തിൻെറ പ്രാധാന്യത്തിന് ഊന്നൽ നകുകയും എല്ലാവരോടും മാസ്റ്ററുടെയും ബാബുജിയുടെയും ഇച്ഛാനുസരണം വളർന്നു വരാൻ ഉപദേശിക്കുകയും ചെയ്തു. അഭ്യാസികളോട് അവരുടെ ജീവിതത്തിലെ അഞ്ച് നല്ല കാര്യങ്ങളെയും അഞ്ച് ചീത്ത കാര്യങ്ങളെക്കുറിച്ചും എഴുതി വയ്ക്കുവാൻ ആവശ്യപ്പെടുകയും അതുവഴി സ്വയം വിലയിരുത്തുകയും, അവ അംഗീകരിക്കുകയും ചെയ്ത് മാറ്റങ്ങൾക്ക് തുടക്കം കുറിക്കുവാനും ഉപദേശിക്കുകയുണ്ടായി.

ആറു ഗ്രൂപ്പുകളായി തിരിഞ്ഞതിനുശേഷം വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ഒരോ ഗ്രൂപ്പും തങ്ങളുടെ വിഷയത്തിൻെറ സാരം വിശദീകരിക്കയുണ്ടായി. ഫാക്കൽറ്റി അംഗങ്ങൾ വിഷയങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സമാഹരിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

## പായ്ത്താനിലെ അഭ്യാസി പരിശീലന പരിപാടി

പായ്ത്താൻ സെൻററിലെ ആദ്യത്തെ അഭ്യാസി പരിശീലന പരിപാടി 2008 നവംബർ 9-ന് സംഘടിപ്പിക്കുകയുണ്ടായി. പായ്ത്താൻ, അഹ്മെദ്നഗർ അടുത്തുള്ള മറ്റു സെൻററുകളിൽ നിന്നുമായി 143 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സഹജ മാർഗ്ഗത്തെ പരിചയപ്പെടുത്തൽ, ധ്യാനം, സഹജ മാർഗ്ഗത്തിലെ ഗുരുക്കന്മാർ, ശുദ്ധീകരണവും അതിൻെറ പ്രാധാന്യവും എന്നിങ്ങനെ പല വിഷയങ്ങളെക്കുറിച്ചും ചർച്ച നടത്തുകയുണ്ടായി. എല്ലാ പ്രഭാഷകരും തങ്ങളുടെ വിഷയം അഭ്യാസികൾക്ക് നന്നായി മനസ്സിലാക്കുന്നതിനു വേണ്ടി പ്രസൻേറഷൻ രൂപത്തിലാണ് വിഷയങ്ങൾ അവതരിപ്പിച്ചത്. മുംബൈ സെൻററിലെ സഹോ. തുഷാർ പ്രധാനാണ് ഈ പരിപാടിക്ക് നേതൃത്വം നൽകിയത്. ഈ പരിപാടിയെക്കുറിച്ച് പങ്കെടുത്തവരിൽ നിന്നുമുള്ള പ്രതികരണം വളരെ നല്ലതായിരുന്നു. എല്ലാവർക്കും ഈ പരിപാടി വളരെ ഉപയോഗപ്രദമായി അനുഭവപ്പെട്ടു.

## യുവാക്കൾക്കായുള്ള സെമിനാർ – അഹമ്മദാബാദ്



മാസ്റ്റർ ചെന്നൈയിൽ നൽകിയ പ്രഭാഷണത്തിൽ ഊന്നൽ നൽകിയതുപോലെ അഭ്യാസികളുടെ സ്വഭാവരൂപീകരണത്തെ ആസ്പദമാക്കി "സ്വന്തം സ്വഭാവമാണ് ആത്മീയ ജീവിതത്തിനുള്ള അടിത്തറ" എന്നതായിരുന്നു യുവജനങ്ങൾക്കായി ഡിസംബർ 14-ന് നടത്തിയ സെമിനാറിൻെറ വിഷയം. ഇത്തരം സദസ്സുകൾ യുവാക്കളെസ്വയം ചിന്തിക്കാനും, സ്വയം വിലയിരുത്താനും സ്വന്തം ജീവിതത്തിലെ പ്രശ്നങ്ങൾ തരണം ചെയ്യാനുള്ള വഴികൾ കണ്ടെത്താനും സഹായിക്കുന്നു.

മിഷൻെറ പ്രവർത്തനങ്ങളിൽ പങ്കു ചേരേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കിയപ്പോൾ പല യുവാക്കളും സ്വയം സേവനത്തിനായി മുൻപോട്ട് വന്നത് ഈ പരിപാടിയുടെ ഏറ്റവും വലിയ നേട്ടമായി. യുവാക്കളിൽ നാമെടുത്ത ഈ താത്പര്യത്തെ എങ്ങനെ 2009-ലും നിലനിർത്താൻ സാധിക്കും എന്നതാണ് ഇനി നമ്മുടെ മുൻപിലുള്ള പ്രധാന ലക്ഷ്യം.

## അഭ്യാസി പരിശീലന പരിപാടി, ഖാനാപൂർ, ബെൽഗാം ജില്ല

ഒരു സ്കൂളിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ ബൽഗാമിൽ നിന്നുള്ള 15 അഭ്യാസികളോടൊപ്പം ഖാനാപ്പൂരിലെ പുതിയ അഭ്യാസികളും ബീദാറിലെ സഹോ. രാജു കഷംപുർക്കറും സംബന്ധിച്ചു. ഈ പരിപാടി അഭ്യാസികൾ വളരെ നല്ല രീതിയിൽ സ്വീകരിച്ചു. സഹജ മാർഗ്ഗ പരിശീലനത്തെക്കുറിച്ച് മനസ്സിലാക്കിയ അവർ മിഷൻെറ മൂല്യങ്ങളെവളരെ പക്വതയാർന്ന രീതിയിൽ സ്വീകരിച്ചു. സത്സംഗത്തിനുശേഷം മാസ്റ്റേർസ് ചോയ്സ് എന്ന ഗാന സമാഹാരത്തിൽ നിന്നുമെടുത്ത ഒരു മധുര ഗാനത്തിൻെറ ആലാപനത്തോടുകൂടി പരിപാടികൾ ആരംഭിച്ചു. മറ്റ് അഭ്യാസി പരിശീലന പരിപാടികളെപ്പോലെ മൾട്ടിമീഡിയ ഉപകരണങ്ങളുടെ സഹായത്തോടെ വളരെ ചിട്ടയോടുകൂടിയാണ് പിന്നീട് ഈ പരിപാടി മുന്നോട്ട് പോയത്. വിവിധ പ്രാസംഗികർ സഹജ മാർഗ്ഗ പരിശീലനത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നൽകുകയുണ്ടായി. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി സമാപിച്ചു. പങ്കെടുത്ത അഭ്യാസികൾ അവരുടെ സംതൃപ്തി രേഖപ്പെടുത്തുകയും ചിലർ താമസിയാതെ തന്നെ മാസ്റ്ററെ കാണുവാനുള്ള ഇച്ഛ പ്രകടിപ്പിക്കുകയും ചെയ്തു.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

### അധ്യാപകർക്കായുള്ള വി.ബി.എസ്.ഇ പരിപാടി- അഹമദ്നഗർ



മഹാരാഷ്ട്രയിലെ അഹമ്മദ്നഗറിലെ ഒരു പ്രൈമറി സ്കൂളിൽ നവംബർ 7-ാം തീയ്യതി മറാത്തി ഭാഷയിൽ ഒരു വി.ബി.എസ്.ഇ പരിപാടി നടത്തുകയുണ്ടായി. ഈ സ്കൂളിലാണ് ഞായറാഴ്ച സത്സംഗം നടക്കാറുള്ളത്. ഇന്നത്തെ സമൂഹത്തിൽ ആവശ്യകതയെക്കുറിച്ച് സഹോ. വിശ്വാസ് തില്ലു എടുത്തു പറഞ്ഞു. വിവിധ സ്കൂളുകളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ( വി.ബി.എസ്.ഇ) നടപ്പിലാക്കിയ രീതിയെക്കുറിച്ചും എസ്.എം.ആർ.ടി.ഐ ഇതിന് വേണ്ടി സ്വീകരിച്ച വഴിയെക്കുറിച്ചും സഹോ. തുഷാർ പ്രധാൻ വിശദീകരിച്ചു.

മൂല്യങ്ങളെ മുറുകെ പിടിക്കുന്നതിൽ ചെറു പട്ടണങ്ങളിലുള്ളവർ സാധാരണയായി വൻ നഗരങ്ങളിലുള്ളവരെ അപേക്ഷിച്ച് ഒരു പടി മുന്നിലാണ്. എന്നാൽ ടിവിയുടെയും അതുപോലെ മറ്റു മാധ്യമങ്ങളുടെയും കടന്നുകയറ്റത്തോടു കൂടി കൈമോശം വന്നു കൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ചെറു പട്ടണങ്ങളിൽ കൂടി വരുന്നുണ്ടെന്നാണ് യാത്രാ സംഘത്തിന്റെ അനുഭവം.

മാതാപിതാക്കളാലും അധ്യാപകരാലും സഹപാഠികളാലും മത്സരങ്ങളിലേക്കും കഴുത്തറപ്പൻ പോരുകളിലേക്കും ഇന്നത്തെ കുട്ടികൾ തള്ളിവിടപ്പെടുകയാണെന്ന സത്യം ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. അതുകൊണ്ട് തന്നെ മൂല്യങ്ങളെ മുറുകെപ്പിടിക്കേണ്ടതിന്റെയും പ്രാധാന്യം കൂടി വരികയാണ്. 'പഠിപ്പി'ക്കപ്പെടുന്ന മൂല്യങ്ങൾ 'മനസ്സിലാക്ക്'അപ്പെടാതെ പോകുമെന്നാണല്ലോ ചൊല്ല്. കുട്ടികളുടെ വ്യക്തിത്വം വളർത്തിയെടുക്കുന്നതിൽ അധ്യാപകർ വളരെ വലിയ പങ്കു വഹിക്കുന്നുണ്ട്. അതു കൊണ്ടുതന്നെ കുട്ടികൾ അവരിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കേണ്ട ഭാരിച്ച ചുമതല അധ്യാപകർക്കുണ്ട്.

ചില പ്രവൃത്തികളും, പരീക്ഷണങ്ങളും, കഥകളും അവിടെ വിശദീകരിക്കപ്പെടുകയുണ്ടായി. ഇവയെല്ലാം തന്നെ എങ്ങനെ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിന് ഉപയുക്തമാക്കാം എന്ന് ഉദാഹരണസഹിതം വിശദീകരിക്കുകയുണ്ടായി. ശരിയായ മൂല്യങ്ങൾ വേണ്ട സമയത്ത് എന്നതിന് ഊന്നൽ കൊടുത്തിട്ടുള്ള എസ്.എം.ആർ.ടി.ഐ സിലബസ്സിന്റെ പ്രദർശനവും നടക്കുകയുണ്ടായി. ഇതിനെല്ലാമൊടുവിൽ ചോദ്യോത്തരവേളയും ഉണ്ടായിരുന്നു.

### പ്രധാന അറിയിപ്പ്

അഭ്യാസികൾ മാസ്റ്ററുടെ സ്വകാര്യ സംഭാഷണങ്ങളോ മറ്റു പ്രഭാഷണങ്ങളോ സമ്മതം കൂടാതെ ശ്രവ്യ ദൃശ്യ ഉപകരണങ്ങളിൽ പകർത്തുവാൻ പാടുള്ളതല്ല. അഭ്യാസികൾ പൂർവ്വസമ്മതം കൂടാതെ സ്വകാര്യ സംഭാഷണങ്ങളുടെയും കൂടിക്കാഴ്ചകളുടെയും പകർപ്പുകൾ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുവാൻ പാടുള്ളതല്ല.



### റാണിഗഞ്ജിൽ കുട്ടികൾക്കും അധ്യാപകർക്കുമായി വി.ബി.എസ്.ഇ പരിപാടി

ഗ്യാൻ ഭാരതി സ്കൂളിന്റെ അഭ്യർത്ഥന മാനിച്ച് നവംബർ 14-15 തീയ്യതികളിൽ അവിടത്തെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി റാണിഗഞ്ജ് സെന്റർ ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. അണ്ടലിൽ നിന്നുള്ള സഹോദരർ അനിൽ, പങ്കജ് രാജക്, വിജയ് ചൗധരി, സുശാന്ത് ശേഖർ എന്നിവരായിരുന്നു ഇതിന്റെ സംഘാടകർ.
9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 400 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുക്കുകയും ഉത്സാഹപൂർവ്വം ചർച്ചകളിൽ പങ്കുചേരുകയും ചെയ്തു. പ്രധാന അധ്യാപകനും സംഘാടകരും മുഴുവൻ സമയവും സന്നിഹിതരായിരുന്നു. മുന്നൂറിലധികം കുട്ടികളിൽ നിന്നു ലഭിച്ച പ്രതികരണത്തിൽ സ്കൂളിൽ ഇത്തരം പരിപാടികളുടെ ആവശ്യകതയെക്കുറിച്ച് പറയുകയുണ്ടായി. ഇവ പ്രധാന അധ്യാപകനെ ഏൽപ്പിക്കുകയുണ്ടായി. എസ്.എം.ആർ.ടി.ഐയുടെ മൂല്യാധിഷ്ഠിത പാഠ്യ പദ്ധതിയുടെ പ്രാധാന്യം പല സ്ലൈഡുകളുടെ സഹായത്തോടുകൂടി വിവരിക്കുകയുണ്ടായി.
അടുത്ത ദിവസത്തെ പരിപാടി അധ്യാപകർക്ക് വേണ്ടി എസ്.എം.ആർ.ടി.ഐ രൂപകൽപന ചെയ്ത പവർപോയിന്റ് പ്രദർശനവും പരീക്ഷണ പരിപാടിയുമായിരുന്നു. എല്ലാവരും ഈ പരിപാടി വളരെ ഉപയോഗപ്രദമാണെന്നും അഭിപ്രായപ്പെട്ടു. പലരും തങ്ങൾ മെച്ചപ്പെട്ട മനുഷ്യരാകുവാനും അതു വഴി മെച്ചപ്പെട്ട അധ്യാപകരാകുവാനും ശ്രമിക്കുമെന്ന് അഭിപ്രായപ്പെട്ടു.

### വി.ബി.എസ്.ഇയെ ആസ്പദമാക്കി രക്ഷാകർത്താക്കൾക്കായി നടത്തിയ പരിപാടി - റാഞ്ചി സെന്റർ

വി.ബി.എസ്.ഇയെ അധികരിച്ച് ഏകദേശം 30 രക്ഷിതാക്കൾക്കായി റാഞ്ചിയിലെ ലാൽപൂരിലുള്ള ഒരു ഹൗസിംഗ് കോംപ്ലെക്സിൽ നവംബർ 15-ന് ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം മിഷന്റെ കീഴിലുള്ള വി.ബി.എസ്.ഇ പാഠ്യക്രമത്തിന്റെ പ്രത്യേകതകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും അതുവഴി അവർ സ്വന്തം കുട്ടികളെശരിയായ മൂല്യങ്ങൾ പറഞ്ഞു മനസ്സിലാക്കി വളർത്തുകയും ചെയ്യുക എന്നതായിരുന്നു.
സഹോദരിമാരായ സുനന്ദ ചൗഹാൻ, അനിത തിവാരി, അനുരാധ ചൗഹാൻ, സഹോദരർ അരുൺ കുമാർ ലാൽ, പവൻ സാഹെ, മനോജ് തിവാരി എന്നിവർ തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവെയ്ക്കുകയും വിഷയം സദസ്സിൽ ചർച്ച ചെയ്യുകയും ചെയ്തു. പരീക്ഷണങ്ങളിലൂടെ എങ്ങനെ മൂല്യങ്ങൾ പകർന്നു കൊടുക്കാം എന്ന വിഷയം വളരെയധികം ശ്രദ്ധയാകർഷിക്കപ്പെടുകയുണ്ടായി. സദസ്സരിൽ മൂന്ന് അധ്യാപകരും ഉണ്ടായിരുന്നു. ഇവർ ഇത്തരം വിദ്യാഭ്യാസ രീതി എങ്ങനെ പ്രയോജനപ്പെടുത്താം എന്ന സന്ദേശം തങ്ങളുടെ സ്കൂളുകളിലേക്ക് കൊണ്ട് പോവുകയുണ്ടായി. ഈ പരിപാടിയുടെ സഹായത്തോടെ റാഞ്ചി സെന്റർ ഇനിയും കൂടുതൽ സ്കൂളുകളിൽ ഇത് നടത്താൻ അവസരങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയിലാണ്.



ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

## ദിയോറിയ ആശ്രമത്തിൻെറ ഉത്ഘാടനം



അഭ്യാസി സഹോദരി സഹോദരന്മാരുടെ ശാരീരികവും സാമ്പത്തികവുമായ സംഭാവനകൊണ്ട് ദിയോറിയയിൽ(യു.പി.) ഒരു ആശ്രമം സ്ഥാപിക്കാൻ സാധിച്ചു.

മുൻ കൂട്ടി നിശ്ചയിച്ചതുപ്രകാരം സഹോദരൻ യു.എസ്. ബാജ്പേയി, സെ.ഇൻ. ചാർജ്. സഹോദരൻ നരസിംഹ് വർമ്മ, ഗോരക്പൂരിലെ പ്രിസപ്റ്റർ സഹോദരൻ എ.കെ.സിംഗ്,സഹോദരൻ ഡി.ഡി.പാണ്ഡേ,സഹോദരൻ രമാശങ്കർ ദീക്ഷിത്,സഹോദരൻ വിനോദ് മോഹൻ പാണ്ഡേ എന്നിവർക്കൊപ്പം ആഗതനായി.അദ്ദേഹമാണ് ധ്യാനമന്ദിരം ഉത്ഘാടനം ചെയ്തത്.

ദിയോറിയക്ക് സമീപമുള്ള മറ്റു കേന്ദ്രങ്ങളായ സഹോദരൻപട്ടി, ലക്ഷ്മിഗഞ്ച്, കപ്താൻ ഗഞ്ച്, പദ്രൗണ, കാസ്യ(കൗസിനഗർ), നസാവർ ഘാട്ട്, ഖുഖണ്ഡ്, ജമീറ, സിഡ്വ, ഗോരക്പൂർ മുതലായ കേന്ദ്രങ്ങളിൽനിന്ന് ഇരുനൂറോളം അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു.

തുടർന്നു സംഘടിപ്പിച്ച പൊതുയോഗത്തിൽ ബഹുമാന്യരായ പൊതുജനങ്ങളും, ഡോക്ടർമാർ, എഞ്ചിനീയർമാർ, പത്രപ്രവർത്തകർ, വ്യവസായികൾ മുതലായവർ പങ്കെടുത്തു. സഹോദരൻ രമാശങ്കർ ദീക്ഷിത് ആശ്രമത്തിൻെറ രൂപകൽപനയെക്കുറിച്ച് ആദ്യമായി വിശദീകരിച്ചു. ശ്രീ രാംചന്ദ്ര മിഷൻെറ ആരംഭത്തെക്കുറിച്ചും അതിലെ മാസ്റ്റർമാരെക്കുറിച്ചും അദ്ദേഹം എടുത്തു പറഞ്ഞു. ആത്മീയത എന്താണെന്നും അതിൻെറ ആവശ്യകത എന്താണെന്നും സഹോദരൻ ബാജ് പേയ് വിശദീകരിച്ചു. മനസ്സിൻെറ പ്രവൃത്തികളെ എങ്ങിനെ ചിട്ടപ്പെടുത്താമെന്ന് വളരെ മനോഹരമായിത്തന്നെ അവതരിപ്പിച്ചു.

## മഹാരാഷ്ട്രയിലെ ചന്ദ്രാപൂർ സെൻററിലെ സ്ഥലം രജിസ്ടറേഷൻ

ചന്ദ്രാപൂർ സെൻററിലെ സഹോദരൻ അമർസിംഗ് റാത്തോഡും സഹോദരി സുസ്മിത റാത്തോഡും ചേർന്ന് നാലു ഏക്കർ സ്ഥലം മിഷനു നൽകി. ഈ സ്ഥലത്തിൻെറ രജിസ്ട്രേഷൻ സോ.ഇൻ. ചാർജ് ഡോ.സുബാഷ് വൈദ്യയുടെയും, സെ.ഇൻ. ചാർജ് സഹോദരൻ എൽ.കെ. ഗോയെലിൻെറയും സാന്നിധ്യത്തിൽ മിഷൻെറ ജോയൻറ് സെക്രട്ടറി എ.പി. ദുരൈ നിർവ്വഹിച്ചു.

ഈ പുതിയ സ്ഥലത്ത് ഒരു സത്സംഗം സംഘടിപ്പിച്ചു. ഈ സംഭാവനയെ പ്രകീർത്തിച്ച് കൊണ്ട് സഹോദരൻ എ.പി. ദുരൈ സംസാരിച്ചു. മാസ്റ്ററോടുള്ള നന്ദി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പ്രകടമായിരുന്നു. സ്ഥലം ദാനം ചെയ്യുവരുടെ ഹൃദയവിശാലതയും സ്നേഹവും അദ്ദേഹം എടുത്തു പറഞ്ഞു. സാഹോദര്യം വളർത്തേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും സന്നദ്ധസേവനത്തിൻെറ മഹത്വത്തിനെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി.

തൊട്ടുമുൻപത്തെ ദിവസം ഐ.എൻസി. എം.ബി.എ. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ഒരു പൊതുസദസ്സ് ഏർപ്പെടുത്തിയിരുന്നു. 150 ഓളം പേർ പങ്കെടുത്ത ഈ സദസ്സിൽ സഹോദരൻ എ.പി. ദുരൈ ജീവിക്കുന്ന ശ്രേഷ്ടനായ ഒരു മാസ്റ്ററുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ച് സംസാരിച്ചു. തുടർന്ന് സഹോദരൻ വൈദ്യ സഹജമാർഗ പദ്ധതിയെക്കുറിച്ച് ഹിന്ദിയിൽ സംസാരിച്ചു.

## ഉത്തരാഖണ്ഡിലെ കൗതുകകരമായ പരീക്ഷണം



ഗംഗോളിഹട്ട്, അൽമോറ, റാണികേത് എന്നീ സ്ഥലങ്ങളിൽനിന്നുള്ള മൂന്ന് അഭ്യാസികളും ഒരു പ്രിസപ്റ്ററും ചേർന്ന സംഘം, തുറന്ന സദസ്സ് സംഘടിപ്പിക്കുന്നതിനും വളരെ കാലമായി സിറ്റിംഗ് ലഭിക്കാത്ത അഭ്യാസികൾക്ക് അത് ലഭിക്കുന്നതിനായി ഒരു പുതിയ കേന്ദ്രമെങ്കിലും തുറക്കണം എന്ന ഉദ്ദേശത്തോടുകൂടിയും ചില സ്ഥലങ്ങൾ സന്ദർശിച്ചു.

ഡിസംബർ 13ന് അൽമോറയിൽ നിന്നാരംഭിച്ച ഞങ്ങൾ ഗംഗോളിഹട്ടിലെത്തി. 15 അഭ്യാസികളുള്ള ഒരു പുതിയ കേന്ദ്രമായിരുന്നു അത്. 14ന് അഭ്യാസികളുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമായി ഒരു സദസ്സ് സംഘടിപ്പിച്ചു. 40 ഓളം പേർ ഇതിൽ പങ്കെടുത്തു. അതിനടുത്ത ദിവസം വളരെ വിജയകരമായി പ്രവർത്തിക്കുന്ന "ജാഗ് രേ പരാഹ്" എന്ന എൻ.ജി.ഒ.യിൽ സംസാരിക്കുന്നതിന് ഞങ്ങൾക്ക് ക്ഷണം ലഭിച്ചു. അവരുടെ പ്രവർത്തകർക്കും സൂപ്പർവൈസർമാർക്കും ഗ്രാമീണർക്കുമായി എല്ലാ മാസവും പ്രഭാഷണ പരമ്പര തന്നെ സംഘടിപ്പിക്കുന്നതിനു ആവശ്യപ്പെടുകയുണ്ടായി.

പതിനഞ്ചാം തിയ്യതി അൽമോറയിലും അതിനു ചുറ്റുമുള്ള അഭ്യാസികളെയും കണ്ടു. മസ്തിഷ്കത്തിലെ അർബ്ബുദത്തിനു വിധേയമായ ഒരു അഭ്യാസിയേയും കണ്ടു. അവരുടെ വീട്ടിൽ തന്നെ ഒരു സിറ്റിംഗ് കിട്ടിയതിൽ അവർ അങ്ങേയറ്റം സംന്തോഷവതിയായിരുന്നു. താൽ എന്ന സ്ഥലത്ത് കുറച്ചു സമയം ഞങ്ങൾ ചിലവഴിച്ചു. അവിടെ കണ്ട ഒരു അഭ്യാസി സഹോദരി രണ്ടു വർഷമായി പരിശീലനം ചെയ്യുിരുന്നില്ല. എന്നാൽ സിറ്റിംഗ് എടുത്തതിനുശേഷം, ധ്യാനം തുടരുവാൻ അവർ തീരുമാനിച്ചു.

ചൗക്കോരിയിൽ ഒരു രാത്രി ചിലവഴിച്ച ശേഷം ഞങ്ങൾ വിജയ് പൂരിലെത്തി. അവിടത്തെ ഇൻറർമീഡിയറ്റ് കോളേജിലെ ജീവനക്കാർക്കുവേണ്ടി സഹജമാർഗ പരിശീലനത്തെക്കുറിച്ചും മൂല്യാധിഷ്ടിത വിദ്യാഭ്യാസത്തെക്കുറിച്ചും സംസാരിച്ചു.

ഗരൂരിൽ എന്ന സ്ഥലത്ത് ചില പരിചയക്കാരെ കണ്ടുമുട്ടി. മൂന്നുപേർ അന്നു രാത്രി തന്നെ ആദ്യത്തെ സിറ്റിംഗ് എടുക്കാൻ തയ്യാറായി. തുടർന്ന് ചില മുൻ അഭ്യാസികളെ കണ്ടെത്തുകയും, പുതിയവർക്കു സിറ്റിംഗ് നൽകുകയും ചെയ്തു. മിഷൻെറ പുസ്തകങ്ങളും, സി.ഡി.കളും പടങ്ങളും കൈവശമുണ്ടായിരുന്നത് അഭ്യാസികൾ വളരെ ഉത്സാഹത്തോടെ സ്വീകരിച്ചു.

മാസ്റ്ററുടെ അനുഗ്രഹത്താൽ ഗരൂരിൽ ഡിസമ്പർ 21 ഞായറാഴ്ച ഏഴു അഭ്യാസികൾ സത്സംഗത്തിൽ പങ്കെടുത്തു. അൽമോറയിൽ നിന്നും റാണികേതുവിൽ നിന്നുമുള്ള പ്രിസപ്റ്റർമാർ ഇവിടെ സേവനം തുടർന്നും നൽകുന്നതായിരിക്കും.





ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

## എസ്.ആർ.സി.എം. സിക്കിമിൽ ഒരു പുതിയ സംരംഭം

ധ്യാനത്തിലൂടെ പിരിമുറുക്കം ഇല്ലാതാക്കുക എന്ന വിഷയത്തെക്കുറിച്ച് സിക്കിമിലെ ഗാംഗ്ടാക്കിൽ വെച്ച് അവിടത്തെ സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി എസ്.എം.ആർ.റ്റി.ഐ. പ്രോഗ്രാം സംഘടിപ്പിച്ചു. കാർഷികവിഭാഗത്തിലെ ഐ.എ.എസ്. ഉദ്യോഗസ്ഥനായ രവീന്ദ്ര ടെലാങ് എന്ന പ്രിസപ്റ്ററാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.

മുഖ്യാതിഥിയായി കൃഷിമന്ത്രി ശ്രീ സോമനാഥ പൗതിയ വിശിഷ്ടാതിഥിയായി എം.എൽ.എ. ശ്രീ ഭീം ധൾഗളും ഈ പരിപാടിയിൽ പങ്കെടുത്തു. സിക്കിമീസ് സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ധൾഗൾ ഉത്ക്കണ്ഠ രേഖപ്പെടുത്തി. സിക്കിമിലെ ആത്മഹത്യാനിരക്ക് വേദനാജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

സമൂഹത്തിന്റെ ഏറ്റവും ആവശ്യമായ സന്ദർഭത്തിൽ ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചതിനു മന്ത്രി സന്തോഷം രേഖപ്പെടുത്തി.

പിരിമുറുക്കം മെഡിക്കൽ ശാസ്ത്രത്തിലെ കാഴ്ചപ്പാടിലൂടെ എന്ന വിഷയം ഡോ.പാരിപ്ലവി അവതരിപ്പിച്ചു. പിരിമുറുക്കം ഇല്ലാതാക്കുന്നതിനുള്ള വഴികൾ സഹോദരൻ അരുൺ ദവേ വിശദീകരിച്ചു. തുടർന്നു സന്തുലിത ജീവിതം എന്ന വിഷയത്തെക്കുറിച്ച് സഹോദരൻ ഗ്യാൻ സരിൻ സംസാരിച്ചു. സഹോദരൻ ടെലാങ് സഹജമാർഗത്തെക്കുറിച്ച് വിശദീകരിച്ചപ്പോൾ 34 പേർ പരിശീലനം ആരംഭിക്കുന്നതിനായി മുന്നോട്ടുവന്നു.

രണ്ടാമത്തെ ദിവസത്തിൽ "സാർവ്വലൗകിക മൂല്യങ്ങൾ എന്ന വിഷയത്തെ കുറിച്ചുള്ള ഒരു ചർച്ചയായിരുന്നു. സഹോദരി സീത ഇതിനു നേതൃത്വം നൽകി. "മനസ്സിനെ ചിട്ടപ്പെടുത്തുക" എന്ന വിഷയത്തെക്കുറിച്ച് സഹോദരൻ സരിനും ,മാനുഷിക പരിവർത്തനം എന്ന വിഷയത്തെക്കുറിച്ച് സഹോദരൻ ദവേയും സംസാരിച്ചു. അവസാനമായി "മാസ്റ്ററുടെ കരസ്പർശം" എന്ന വീഡിയോ ചിത്രീകരണം ഉണ്ടായിരുന്നു. ഇത് എല്ലാവരെയും സ്പർശിച്ചു.
അവസാനത്തെ ദിവസം 'സമയക്രമീകരണം' ഗുണാത്മക ചിന്ത, എന്നീ വിഷയങ്ങളെക്കുറിച്ച് സഹോദരൻ ദവേയും സഹോദരി സീതയും യഥാക്രമം സംസാരിച്ചു. ശുദ്ധവായു ശ്വസിച്ചതുപോലെയും വളരെയധികം അയവു വരുന്നതുമായിരുന്നു പരിപാടി എന്നായിരുന്നു എല്ലാവരുടെയും കൂട്ടായ പ്രതികരണം. പരിപാടി അവരെ വളരെയധികം സ്വാധീനിച്ചതായി കണ്ടു. സിറ്റിംഗിനുശേഷം വളരെയധികം ലാഘവത്വം അനുഭവിച്ചതായി മിക്കവരും അഭിപ്രായപ്പെട്ടു.

## എന്നിൽനിന്ന് അദ്ദേഹത്തിലേക്കുള്ള ആന്തരികമായ മാറ്റം

തിപ്പൂർ,ഡിസമ്പർ 13ഉം 14ഉം തീയ്യതികളിൽ

സഹജമാർഗം ആത്മപരിണാമത്തിലൂടെ മാനുഷിക പൂർണ്ണത്വം അഥവാ ദിവ്യവത്ക്കരണമാണ് എന്ന് മാസ്റ്റർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. നമ്മുടെ സാധനയുടെ പല വശങ്ങളും (ധ്യാനം, ശുദ്ധീകരണം മുതലായവ) ഇതിന്റെ ഉപകരണങ്ങളാണ്. ഇവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തിപ്പൂരിൽ രണ്ടു ദിവസത്തെ പരിശീലന ക്യാമ്പുണ്ടായി.

തിപ്പൂർ, ഹസ്സൻ, തുംകൂർ, ഷിമോഗ, ഭദ്രാവതി എന്നീ കേന്ദ്രങ്ങളിൽ നിന്നായി 130ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സത്സംഗത്തോടു കൂടി ആദ്യത്തെ ദിവസം ആരംഭിച്ചു. തുടർന്ന് 'മതവും ആത്മീയതയും' 'മാസ്റ്ററുടെ പങ്കിന്റെ പ്രാധാന്യം' എന്നീ വിഷയങ്ങളെക്കുറിച്ച് സഹോദരൻ വി.ജി.സുബ്രമണ്യയും സംസാരിച്ചു. നാം എന്തിനു വേണ്ടിയാണ് ഇവിടെ എത്തിയിരിക്കുന്നത്? ഇതിൽ മാസ്റ്ററുടെ പങ്കെന്താണ്? എന്നീ ചോദ്യങ്ങൾ പങ്കെടുത്തവരെ ഇരുത്തി ചിന്തിപ്പിച്ചു. അതിലും ഉപരിയായി നമ്മുടെ പങ്കെന്താണ്? പരിശീലനം വേണ്ടത്രയുണ്ടോ? എന്നു സ്വയം ആത്മപരിശോധന നടത്തി.

സ്വഭാവ രൂപീകരണത്തെക്കുറിച്ചാണ് സഹോദരി മഞ്ജുള സംസാരിച്ചത്, നാം എന്തു ചെയ്യണമെന്നത് ഞങ്ങളുടെ കണ്ണു് തുറപ്പിച്ചു. നാം എന്തൊക്കെമോ അതായിതീരുന്നതിന് വേണ്ടകാര്യങ്ങളിൽ ധ്യാനിക്കുന്നതിന് ഇത് പ്രയോജനമായി.

സഹജമാർഗ സാധനയെക്കുറിച്ചായിരുന്നു രണ്ടാമത്തെ ദിവസം ചർച്ച ചെയ്തത്. ധ്യാനം, ശുദ്ധീകരണം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അഭ്യാസികളുടെ സംശയങ്ങൾക്ക് തൃപ്തികരമായി മറുപടികൾ നൽകുകയും ചെയ്തു. 'ഞാനും എന്റെ മാസ്റ്ററും' എന്ന വിഷയമായിരുന്നു അവസാനമായി ചർച്ച ചെയ്തത്. വളരെയധികം ആളുകൾ മാസ്റ്ററുമായുള്ള അവരുടെ അനുഭവങ്ങൾ വിവരിച്ചു. പല അനുഭവങ്ങളും വളരെ അധികം ഹൃദയസ്പർശിയായിരുന്നു. പുതിയ ആളുകൾക്ക് ഇതൊരു പ്രചോദനമായി. വൈകുന്നേരം സത്സംഗത്തോടുകൂടി പരിപാടികൾ അവസാനിപ്പിച്ചു. കഴിഞ്ഞ രണ്ടു ദിവസം പഠിച്ചത് ജീവിതത്തിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ധ്യാനിക്കുവാനുള്ള ഉറച്ച തീരുമാനത്തോടുകൂടിയാണ് ഗ്രാമത്തിലേക്ക് തിരിച്ച് പോയത്..





## മഹാരാഷ്ട്രയിലെയും ഗോവയിലെയും പ്രിസപ്റ്റർമാരുടെ സെമിനാർ

2008 നവമ്പർ 14 മുതൽ 16 വരെ പൂനായിലുള്ള പാൻഷത് റിട്രീറ്റ് സെൻററിൽ വെച്ച് ഒരു പ്രിസപ്റ്റേഴ്സ് സെമിനാർ സംഘടിപ്പിച്ചു.
40ഓളം പ്രിസപ്റ്റർ സഹോദരി സഹോദരന്മാർ ഈ സെമിനാരിൽ സന്നിഹിതരായിരുന്നു. നവമ്പർ 15നു സഹോദരൻ വൈദ്യ സെമിനാർ ഉദ്ഘാടനം ചെയ്തു. ഗുരുവന്ദനം(മൂന്ന് മാസ്റ്റർമാരുടെയും ആത്മീയപ്രവൃത്തികളെക്കുറിച്ചുള്ള അവതരണം) സഹജമാർഗപദ്ധതി എന്നീ വിഷയങ്ങൾ രാവിലെ അവതരിപ്പിച്ചു. ഉച്ചക്കുശേഷം മൂന്ന് വിഷയങ്ങൾ ഉണ്ടായിരുന്നു. സഹജമാർഗം താൽപര്യമുള്ളവരിലേക്ക് എത്തിക്കുക, മിഷൻ പ്രവർത്തനങ്ങളിൽ പ്രിസപ്റ്റർമാരുടെ പങ്ക്, പ്രിസപ്റ്റർമാരുടെ ജോലി– അഭ്യാസികൾക്ക് സിറ്റിംഗ് കൊടുക്കുക.
നവമ്പർ 16നു താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു. അഭ്യാസിയും പ്രിസപ്റ്റർമാരും തമ്മിലുള്ള ആശയവിനിമയം, സ്വഭാവത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ , ഭരണപരവും ധനപരവുമായ മിഷന്റെ മറ്റു ചുമതലകൾ. ആത്മീയജോലികൾ ചെയ്യുന്നതിലും മിഷന്റെ ഭരണപരവുമായ ചുമതലകൾ നിർവ്വഹിക്കുന്നതിലുമുള്ള പ്രിസപ്റ്റർമാരുടെ പങ്കിനെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിനു ഈ പരിപാടി സഹായകമായി എന്നു എല്ലാവരും അഭിപ്രായപ്പെട്ടു. പ്രിസപ്റ്റർമാരുടെ ജോലി ഏറ്റെടുത്തു ചെയ്യുമ്പോൾ മനസ്സിൽ ഉയർന്നിരുന്ന പല സംശയങ്ങൾക്ക് സെമിനാറിൽ ഉത്തരം കണ്ടെത്താനായെന്നും പൊതുവായ അഭിപ്രായം ഉണ്ടായിരുന്നു. പല സംശയങ്ങളും മുൻ കൂട്ടി പ്രകടിപ്പിച്ചതു പോലെയായിരുന്നു സംശയനിവാരണം. മാസ്റ്റർക്കു അദ്ദേഹത്തിന്റെ കാര്യനിർവ്വഹണത്തോടുള്ള സ്നേഹപൂർവ്വമായ ശ്രദ്ധയാണ് ഇവിടെ പ്രകടമായത്. അദ്ദേഹത്തിന് സന്തോഷം നൽകാനായി നമുക്കെല്ലാം ആത്മാർത്ഥമായി ജോലി ചെയ്യാം.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഒരു കടന്നു






## ചെല്ലൽ-ജോധ്പൂർ,രാജസ്ഥാൻ

2008 നവമ്പർ 6 മുതൽ 9വരെ പല വിദ്യാഭ്യാസസ്ഥാപനങ്ങളിലുമായി ജോധ്പുർ സെൻററിൻെറ ആഭിമുഖ്യത്തിൽ സഹജമാർഗ ആത്മീയപദ്ധതിയെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിച്ചു. ലാൽ ബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് ആൻഡ് റിസർച്ച് സെൻറർ, മാർവാർ എഞ്ചിനീയറിംഗ് കോളേജ് ആൻഡ് റിസർച്ച് സെൻറർ (സയൻസും ആത്മീയതയും എന്ന വിഷയത്തെക്കുറിച്ച് -150 ഓളം വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.),ടൗൺഹാൾ (ആത്മീയത,സോദ്ദേശ്യമായ ഒരു ജീവിതം നയിക്കാനുള്ള മാർഗം-600 ഓളം പേർ സംബന്ധിച്ചു),ജയ് നാരേയൻ വ്യാസ് യൂണിവേർസിറ്റി എക്സ്റ്റൻഷൻ ലെക്ചർ സെൽ(യോഗയും സഹജമാർഗവും-150 ഓളം വിദ്യാർത്ഥികളും അദ്ധ്യാപകരും) തുടങ്ങിയ സ്ഥലങ്ങളിൽ ആയിരുന്നു ചർച്ചകൾ നടത്തിയത്.

സഹജമാർഗ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈയുടെ ഡയറക്റ്റർ ഡോ.കെ.എസ്.ബാലസുബ്രമണ്യം നടത്തിയ പ്രഭാഷണങ്ങളിൽ ആത്മീയതയിൽ നാമത്തിനോ, ഗുണത്തിനോ, പ്രാധാന്യമില്ല എന്നും, മനുഷ്യമനസ്സിനാൽ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ദൈവങ്ങൾക്ക് പാദസേവ നടത്തേണ്ടതില്ല എന്നും അഭിപ്രായപ്പെട്ടു, മറിച്ചുള്ള ചരാചരങ്ങളിലും വിളങ്ങുന്ന, അരൂപിയും നിർഗുണനും,അനന്തവും എല്ലാത്തിൻെറയും ഉറവിടവുമായതിലേക്ക് മനുഷ്യബോധത്തെ തിരിച്ചുവിടുന്നതാണ് ആത്മീയത എന്ന് അദ്ദേഹം പറഞ്ഞു. ഉണ്മയോടുള്ള അത്തരം സമീപനത്തിന് എല്ലാ മത വിഭാഗങ്ങളിലുള്ളവരേയും രാജ്യങ്ങളിലുള്ളവരേയും ഒന്നിപ്പിക്കാനാവും. മനുഷ്യജീവിതത്തിൻെറ പരമപ്രധാനമായ ഈ ഒന്നിപ്പിക്കൽ നഷ്ടപ്പെട്ടിരിക്കുകയാണെന്നത് ദുഖകരമായ ഒരു വസ്തുതയാണ്. ഇത്തരത്തിലുള്ള ഒരു വിനീതമായ സമീപനം, ഒരു പക്ഷേ, ഉദ്ഗ്രഥനത്തിനുള്ള ഏറ്റവും ശക്തിയേറിയ മാർഗമാകും. 10-12 സഹോദരിസഹോദരന്മാർ സഹജമാർഗത്തിൽ ചേർന്നു;കൂടുതൽ പേരെ പ്രതീക്ഷിക്കുന്നു.

## ഗുജറാത്തിലെ ആശയവിനിമയ പരിപാടി

ചെറിയ സെൻററുകളിൽ അഭ്യാസികളുമായി ഇടപഴകുന്നതിനായി പുതിയ ഒരു സംഘം ആളുകളുടെ ആവശ്യകതയുണ്ടെന്ന് കണ്ടറിഞ്ഞ്, കൂടുതൽ ചർച്ചകൾ നടത്തി. അപ്രകാരം 'എ' സെൻററിൽ നിന്നും എല്ലാ അഭ്യാസികളും 'ബി' സെൻറർ സന്ദർശിച്ച് ചുരുങ്ങിയത് പകുതി ദിവസമെങ്കിലും അവിടെ ചിലവഴിക്കണമെന്ന ചിന്ത ഉരുത്തിരിഞ്ഞു. ആതിഥേയ സെൻററിൽ ഉത്സാഹം ഉണർത്തിയെടുക്കുന്നതിന് ഇത് വളരെ ഉപകാരപ്രദമായിരിക്കും. അതുപോലെ 'ബി' സെൻററിലെ അഭ്യാസികൾ 'എ' സെൻറർ അടുത്ത മാസം സന്ദർശിക്കുകയും ചെയ്യും.

ഇവിടെ അഭ്യാസികൾ തങ്ങളുടെ അഭിപ്രായപ്രകടനം നടത്തുമ്പോൾ, ആശയവിനിമയത്തിലൂടെ സഹജമാർഗത്തെപ്പറ്റി വ്യക്തത ഉരുത്തിരിയുന്നു. രണ്ടു സെൻററുകളിലുള്ള പരിശീലനക്രമങ്ങൾ വിനിമയം ചെയ്യപ്പെടുന്നു. ഇത്തരം യാത്രകളിലൂടെ സാഹോദര്യം ഊട്ടിയുറപ്പിക്കപ്പെടുന്നു. വാപിയിൽ നിന്നും 25 കി. മി. അകലെയുള്ള ദമാനിൽ അത്തരം ഒരു കൂടിചേരൽ നടത്തി. സിൽ വാസ എന്ന സബ്-സെൻററിൽ വാപിയിൽ നിന്നുമുള്ള അഭ്യാസികൾ ഒരു മുഴുവൻ ദിന പരിപാടികൾക്കായി ഒത്തുകൂടി. സൂറത്തിനും മുംബൈക്കുമിടയിൽ തെക്കെ ഗുജറാത്തിലാണ് ഈ സെൻററുകൾ. ഇത്തരം പരിപാടികൾ നടക്കുന്ന സെൻററുകളിൽ ആ സെൻററിൻെറ വളർച്ചക്കുതകുന്ന, അഭ്യാസികൾ തമ്മിലുള്ള അടുപ്പം ഉണ്ടാകുന്നതായി കാണപ്പെട്ടു.

## പഠന ഗ്രൂപ്പുകൾ-ബാലിയ സെൻറർ



സ്മൃതിയുടെ പഠനഗ്രൂപ്പുകൾക്കായുള്ള പഠന ഉപകരണങ്ങൾ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതി ബാലിയ സെൻററിൽ എല്ലാ ഞായറാഴ്ചയും സത്സംഗിനു ശേഷം ഒരു മണിക്കൂർ നടപ്പിലാക്കുവാൻ തീരുമാനിച്ചു. 4-5 ഗ്രൂപ്പുകൾ തിരഞ്ഞെടുത്ത് ഗ്രൂപ്പിന് നൽകിയിട്ടുള്ള വിഷയങ്ങൾ പഠിച്ചശേഷം ഒരാഴ്ച് കഴിഞ്ഞ് അതിനെപറ്റി സംസാരിക്കുവാനായി ഓരോ ഗ്രൂപ്പിൽനിന്നും ഒരാളെതിരഞ്ഞെടുക്കുന്നു. നമ്മുടെ മാസ്റ്ററുടെ ആത്മീയവും ഭൗതീകവുമായ അദ്ധ്യാപനങ്ങളെ മുഴുവനായി ഉൾപ്പെടുത്തിയുള്ളതാണ് ഈ വിഷയങ്ങൾ. 2008 നവമ്പറിൽ ഈ പഠനം തുടങ്ങിയശേഷം ഇതിൽ ഏർപ്പെട്ടിരുന്ന യുവാക്കളിൽ വലിയ മാറ്റങ്ങൾ പ്രകടമായി. ആഴ്ചയിലുടനീളം, വൈകുന്നേരങ്ങളിൽ ഇതിനായുള്ള തയ്യാറെടുപ്പുകളുമായി അവർ തിരക്കിലായിരുന്നു.

തുടക്കത്തിലുണ്ടായിരുന്ന ശങ്ക രണ്ടാഴ്ചക്കുശേഷം വഴി മാറി. അവരിലൂടെ മാസ്റ്റർ ആണ് സംസാരിക്കുന്നതെന്നും, മറ്റുതരത്തിൽ പാഴാക്കുമായിരുന്ന സമയം ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ മാസ്റ്റർ തന്ന അവസരമാണെന്നും അവർ മനസ്സിലാക്കി. തങ്ങളിലുണ്ടായിട്ടുള്ള മാറ്റം അഭ്യാസികളെ അത്ഭുതപ്പെടുത്തി. ഇത് മാസ്റ്ററോടുള്ള സ്നേഹവും വിശ്വാസവും അവരിൽ വളർത്തുവാൻ ഉപകരിച്ചു. സമയമില്ലാത്തവർ ഇരിക്കേണ്ടതില്ല എന്ന് പറഞ്ഞതിനുശേഷവും അഭ്യാസികൾ സത്സംഗിനുശേഷം ഇവരുടെ പ്രഭാഷണങ്ങൾ കേൾക്കുന്നതിനായി ഇരിക്കുവാൻ തുടങ്ങി.

ഞങ്ങൾക്ക് വിവേകവും സഹിഷ്ണുതയും സ്നേഹവും മാപ്പ് നൽകുവാനുള്ള കഴിവും നൽകുകയും ആ അനുഗ്രഹം സ്വീകരിക്കുവാനുള്ള ശക്തി പ്രദാനം ചെയ്യണമെന്നും പ്രാർത്ഥിക്കുന്നു.

## എൻ.എസ്.ഐ.സി.,ന്യൂദൽഹിയിൽ നടന്ന തുറന്ന സദസ്സ്

ന്യൂദൽഹിയിലെ നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്ൻെറ ഓഫീസിൽ ഒരു തുറന്ന സദസ്സ് 2008 ഡിസമ്പർ 4ന് സംഘടിപ്പിച്ചു. കോർപ്പറേഷൻെറ ഉയർന്ന ഉദ്യോഗസ്ഥരടക്കം 45 പേർ ഇതിൽ പങ്കെടുത്തു.

'സന്തുലിതമായ നിലനിൽപ്പിനായി ധ്യാനം' ചർച്ചാ വിഷയമായിരുന്നു. ബ്രദർ എ.പി. പാൾട്ട ചെറിയ അവതരണത്തിനു ശേഷം പ്രഭാഷകരെ പരിചയപ്പെടുത്തി. ബ്രദർ ഗ്യാൻസാരിൻ ചർച്ചയിൽ പങ്കെടുത്ത് ഹിന്ദിയിൽ സംസാരിച്ചു. സിസ്റ്റർ ശോഭന ഈ വിഷയത്തെപ്പറ്റിയും പരിശീലന ക്രമത്തെപ്പറ്റിയും സംസാരിച്ചു, തുടർന്ന് ചോദ്യങ്ങൾക്ക് മറുപടി നൽകി.



ശ്രീ രാം ചന്ദ്ര മിഷൻ®

ഇക്കോസ് ഇന്ത്യ

ജനുവരി 2009 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 2 ലക്കം 1

# തിരുപ്പതിയിലെ യോഗാശ്രമം

മിഷൻെറ ആദ്യത്തെ ആശ്രമമാണ് തിരുപ്പതി സെൻററിലുള്ളത് എന്നത് ശ്രദ്ധേയമാണ്. ഏകദേശം 2.5 ഏക്കർ സ്ഥലത്താണ് ഇത് പണിതിരിക്കുന്നത്. 1965ൽ ബാബുജി മഹരാജ് തറക്കല്ലിട്ട ഈ സെൻറർ സ്ഥിരമായ വളർച്ചയുടെ പാതയിലാണ്. തിരുമല മലയും കപിലതീർഥം വെള്ളച്ചാട്ടവും പിന്നണിയിലുള്ള ഒരു മനോഹരമായ ഭൂവിഭാഗത്തിലാണ് ഈ ആശ്രമം.

ഈ സെൻററിലെ ആദ്യത്തെ പ്രിസപ്റ്ററായ ഡോ.കെ.സി.വരദാചാരിയുടെ ശിക്ഷണം ഇവിടത്തെ അഭ്യാസികൾക്കു ലഭിച്ചു. ഈ സെൻറർ തുടങ്ങിയ ശേഷം തൻെറ തെക്കേ ഇന്ത്യയിലേക്കുള്ള എല്ലാ യാത്രകളിലും പൂജ്യ ബാബുജി ഇവിടം സന്ദർശിക്കാറുണ്ടായിരുന്നു. തിരുപ്പതി സെൻററിൻെറ 25ാം വാർഷികത്തിൽ പൂജ്യ മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ അഭ്യാസികളിൽ ചൊരിഞ്ഞ അനുഗ്രഹവർഷത്തോടെ ആഘോഷിച്ചു.

1965 ൽ ഡോ.സി രാജേശ്വരി സംഭാവനയായ് നൽകിയ ഒരു ചെറിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സെൻറർ തുടർച്ചയായി വളർച്ച പ്രാപിച്ചു. 1994 ൽ പൂജ്യ മാസ്റ്റർ ഏകദേശം ആയിരം അഭ്യാസികൾക്കിരിക്കുവാൻ സൗകര്യപ്രദമായ ഇവിടത്തെ പുതിയ ധ്യാനഹാൾ ഉദ്ഘാടനം ചെയ്തു.

സഹജമാർഗ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുപ്പതിയിലാണ് 1984 ൽ രൂപീകൃതമായ ഈ സെൻററിൽ ഏകദേശം 900 അഭ്യാസികൾ ഇപ്പോഴുണ്ട്. പതിവായി നടത്തപ്പെടുന്ന ധാരാളം പരിപാടികൾ ഇവിടെയുണ്ട്.

എല്ലാ ദിവസവും തുറന്നിരിക്കുന്ന നല്ല ഒരു ലൈബ്രറി ഇവിടെയുണ്ട്.മിഷൻ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനായ് അഭ്യാസികൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു. കുട്ടികൾക്ക് വിനോദത്തിനായ് ഇവിടെ അവസരം ഒരുക്കിയിട്ടുണ്ട്. മിഷനെപ്പറ്റിയും പരിശീലനത്തെക്കുറിച്ചും അറിയാനാഗ്രഹമുള്ളവർക്കായി സ്വാഗതം ഡസ്ക് എല്ലാ ഞായറാഴ്ചയും തുറന്നിരിക്കും.

ആശ്രമത്തിലെ സേവനപ്രവർത്തനങ്ങളിൽ ഇവിടത്തെ അഭ്യാസികൾ പങ്കെടുക്കാറുണ്ട്.



ധ്യാന മന്ദിരം



ലൈബ്രറി



പ്രവേശന പാത

ആർക്കൈവ്സിൽ നിന്ന്





ആദ്യത്തെ കെട്ടിടം



കുട്ടികളുടെ കളിസ്ഥലം

**To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This Newsletter is intended exclusively for the members of SRCM.